**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2263** **12-12-2022 - ൽ മറുപടിയ്ക്ക്**

**അഴിമതി വിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അഴിമതി വിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി വിജിലൻസ് വകുപ്പ് നടപ്പാക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പൊതുപ്രവർത്തകരും സർക്കാരിന്റെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും അതുമായി ബന്ധപ്പെടുന്ന ആളുകളും ഉൾപ്പെട്ട അഴിമതി, പണാപഹരണം, കൈക്കൂലി, മറ്റു ക്രമക്കേടുകൾ എന്നിവ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുക, സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ സുതാര്യമായി സാധാരണക്കാർക്ക് ലഭ്യമാക്കുക എന്നിവയാണ് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക കർത്തവ്യം. ഇതുമായി ബന്ധപ്പെട്ട് ബ്യൂറോയിൽ രജിസ്റ്റർ ചെയ്യുന്ന വിജിലൻസ് കേസുകൾ/ അന്വേഷണങ്ങൾ എന്നിവയിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ വളരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം, സത്വരാന്വേഷണം, പ്രാഥമികാന്വേഷണം മിന്നൽ പരിശോധന, ട്രാപ്പുകൾ എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ശിപാർശ നൽകാറുണ്ട്. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും, സർക്കാർ സ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | | | അപാകതകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽ നിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസിലേക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.. വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിൽ കണ്ടെത്തുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ഗുരുതരമായ ക്രമക്കേടുകളിന്മേൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തുന്നു. പ്രസ്തുത അന്വേഷണത്തിൽ ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണ നടത്തി തെളിവുകളുടെ വെളിച്ചത്തിൽ പ്രതികൾക്കെതിരെ കോടതി ശിക്ഷ വിധിക്കുകയും ചെയ്യുന്നു. അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരാത്ത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അനുയോജ്യമായ ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കഴിഞ്ഞ മൂന്ന് വർഷം നടത്തിയ പരിശോധനകളുടെ വിശദാംശം വെളിപ്പെടുത്താമോ; പ്രസ്തുത പരിശോധനകളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 2020, 2021, 2022 വർഷങ്ങളിൽ വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ആകെ 3210 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. അവയിൽ 2358 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ടി മിന്നൽ പരിശോധനകളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകളുടെ വകുപ്പ തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വിജിലൻസ് രജിസ്റ്റർ ചെയ്ത് വിചാരണയ്ക്കെത്തിയ കേസുകളിൽ എത്രയെണ്ണം ശിക്ഷിക്കപ്പെട്ടുവെന്നും എത്രയെണ്ണം വെറുതെ വിട്ടുവെന്നും വിശദമാക്കാമോ; | (സി) | കഴിഞ്ഞ 10 വർഷത്തിനിടയിൽ വിജിലൻസ് രജിസ്റ്റൽ ചെയ്ത 1253 കേസുകൾ കോടതി മുമ്പാകെ വിചാരണയ്ക്ക് എത്തിയിട്ടുണ്ട്. അവയിൽ വിചാരണ പൂർത്തിയാക്കിയ 114 കേസുകളിൽ 71 കേസുകളിൽ കുറ്റാരോപിതരെ ശിക്ഷിക്കുകയും 43 കേസുകളിൽ പ്രതികളെ വെറുതെ വിടുകയും ചെയ്തിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | (ഡി) | അഴിമതി നിരോധന നിയമ പ്രകാരം കുറ്റ പത്രം സമർപ്പിക്കുന്ന കേസുകളുടെ വിചാരണ വേഗത്തിൽ ആക്കുന്നതിന് ഒരു വിജിലൻസ് സ്പെഷ്യൽ കോടതി കൂടി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ 6 വിജിലൻസ് കോടതികളിലും 'ഇ-കോർട്ട്'സംവിധാനം നടപ്പിലാക്കുന്നതിന് ബഹു ഹൈക്കോടതി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 'കോർട്ട് മാനേജ്മെന്റ് സിസ്റ്റം' എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ ഹൈക്കോടതിയിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രഥമ വിവര റിപ്പോർട്ടും അന്വേഷണ വിവരങ്ങളും ഡിജിറ്റൈസ് ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്യുന്നതിനും e-FIR ചെയ്യുന്നതിനും കോടതികൾ തമ്മിൽ ഓൺലൈൻ മുഖേന ബന്ധിപ്പിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | വകുപ്പ്/ സ്ഥാപനം | കേസുകളുടെ എണ്ണം |
|---|---|---|
| 1 | പൊതുമരാമത്ത് വകുപ്പ് | 10 |
| 2 | ആരോഗ്യ വകുപ്പ് | 1 |
| 3 | കൃഷി വകുപ്പ് | 1 |
| 4 | തദ്ദേശ സ്വയംഭരണ വകുപ്പ് | 12 |
| 5 | സഹകരണം | 2 |
| 6 | ലീഗൽ മെട്രോളജി | 1 |
| 7 | സിവിൽ സപ്ലൈസ് | 4 |
| 8 | മോട്ടോർ വാഹന വകുപ്പ് | 2 |
| 9 | എക്സൈസ് | 1 |
| 10 | സപ്ലൈകോ | 1 |